**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2921 20.03.2015-ൽ മറുപടിക്ക്**

**എം.സി റോഡിന്റെ പരിഷ്കരണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സി.എഫ്. തോമസ്**<br>**,, മോൻസ് ജോസഫ്**<br>**,, റ്റി.യു. കുരുവിള**<br>**,, തോമസ് ഉണ്ണിയാടൻ** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) സ്റ്റേറ്റ് ഹൈവേ ഒന്ന്-എം.സി റോഡിന്റെ ചെങ്ങന്നൂർ മുതലുള്ള പരിഷ്കരണത്തിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കുന്ന കെ.എസ്.ടി.പി രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി എം.സി.റോഡിന്റെ ചെങ്ങന്നൂർ മുതൽ മൂവാറ്റുപുഴ വരെയുള്ള റോഡ് രണ്ട് പാക്കേജുകളിലായി നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. അതിൽ 45 കി.മീ ദൈർഘ്യം വരുന്ന ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡ് 293.56 കോടി രൂപയ്ക്ക് മെസ്സേഴ്സ് ഡെൽമ ശ്രീധന്യ എന്ന കമ്പനി 15.09.2014 ൽ കരാർ ഒപ്പിട്ട് നിർമ്മാണ പ്രവൃത്തികൾ നടത്തിവരുന്നു. 40.90 കി.മീ ദൈർഘ്യമുള്ള ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡ് 171.49 കോടി രൂപയ്ക്ക് M/s NAPC, Chennai എന്ന കമ്പനി 30.12.2013 ൽ കരാർ ഒപ്പിട്ട് നിർമ്മാണ പ്രവൃത്തികൾ നടത്തി വരുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണം എന്നത്തേക്ക് ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ;<br>(സി) പ്രസ്തുത റോഡിന്റെ പരിഷ്കരണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ? | (ബി) & (സി) ഈ റോഡിന്റെ ചെങ്ങന്നൂർ - ഏറ്റുമാനൂർ ഭാഗം സെപ്റ്റംബർ 2017 ലും ഏറ്റുമാനൂർ - മൂവാറ്റുപുഴ ഭാഗം സെപ്റ്റംബർ 2016 ലും പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിലേയ്ക്കായി കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ